## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1673** **04/12/2018 ൽ** മറുപടി നൽകേണ്ടിയിരുന്നത്

### കണ്ണങ്ങാട്- വെല്ലിംഗ്ടൺ ഐലന്റ് പാലം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| എ) | എറണാകുളം ജില്ലയിലെ കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലന്റ് പാലം ഗതാഗതത്തിന് തുറന്ന് കൊടുത്തതോടെ താരതമ്യേന വീതി കുറഞ്ഞതും ഈ പാലത്തിലേക്കുള്ള പ്രധാനപാതയുമായ കണ്ണങ്ങാട് ടെമ്പിൾ റോഡിലും സമീപ പ്രദേശങ്ങളിലും അപകടങ്ങൾ വർദ്ധിച്ചിട്ടും കണ്ണങ്ങാട് ടെമ്പിൾ റോഡും ഇന്ദിരാഗാന്ധി റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിന്റെ സ്ഥലമെടുപ്പും നിർമ്മാണ പ്രവൃത്തിയും അടിയന്തര പ്രധാന്യം നൽകി ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതിനുള്ള കാരണം വിശദമാക്കാമോ; | എ) ഇന്ദിരാഗാന്ധി റോഡും കണ്ണങ്ങാട്ട് റോഡും ബന്ധിപ്പിക്കുന്നതിനായി സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 33 സെന്റ് 475 സ്ക്വയർ ലിങ്ക്സ് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. റോഡ് പൂർത്തീകരിക്കുന്നതിനായി 33 സെന്റ് 640 സ്ക്വയർ ലിങ്ക്സ് സ്ഥലംകൂടി ഏറ്റെടുക്കേണ്ടതുണ്ട്. കൊച്ചി നഗരസഭയുടെ അടുത്ത പദ്ധതികളിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുക വകയിരുത്തി സ്ഥലമേറ്റെടുത്ത് റോഡ് പൂർത്തീകരിക്കുന്നതാണ്. |
| ബി) | ഈ രണ്ട് റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്; | ബി) 0.2005 ഹെക്ടർ (50 സെന്റ് 125 സ്ക്വയർ ലിങ്ക്സ്) സ്ഥലമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. |
| സി) | ഇതിൽ എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്; | സി) 33 സെന്റ് 475 സ്ക്വയർ ലിങ്ക്സ്. |

| | | |
|---|---|---|
| ഡി) | ആർക്കെല്ലാമാണ് നഷ്ടപരിഹാര തുക നൽകിയിട്ടുള്ളത്; നൽകിയ നഷ്ടപരിഹാരതുക എത്ര; ആർക്കെല്ലാമാണ് ഇനി നൽകേണ്ടതായിട്ടുള്ളത് എന്നിവ വ്യക്തമാക്കാമോ? | ഡി) <u>നഷ്ടപരിഹാര തുക നൽകിയവരുടെ പേര് വിവരങ്ങൾ</u><br>**നം.** **പേര്** **തുക**<br>1) ശ്രീ.പീറ്റർ - 33,07,707/-<br>2) ശ്രീമതി. ഷീബ - 13,61,682/-<br>3) ശ്രീമതി. ഷിജി - 13,87,993/-<br>4) ശ്രീ. കുമാരൻ മുതൽ പേർ - 75,47,537/-<br>5) ശ്രീ. വിശ്വംഭരൻ - 33,10,357/-<br>6) ശ്രീ. മുനീർ ഫ്രീസ് ഇന്ത്യ - 23,93,437/-<br>7) ശ്രീമതി. ദേവകി - 3,44,625/-<br><br><u>നഷ്ടപരിഹാര തുക നൽകേണ്ടതായിട്ടുള്ളവരുടെ പേര് വിവരങ്ങൾ</u><br>1) ശ്രീ. വി.ഒ.ജോസഫ്<br>2) ശ്രീ. കീർത്തി<br>3) ശ്രീ. വി.വി.ഫ്രാൻസീസ്<br>4) ശ്രീ.ചീക്കു<br>5) ശ്രീമതി. ലീല<br>6) ശ്രീമതി. ട്രീസ സേവ്യർ |

സെക്ഷൻ ഓഫീസർ